**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **03-03-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ 8 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.<br><br>1. കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത് - i)കാരക്കോണം മാവേലി സ്റ്റോർ ii)കുറുവാട് മാവേലി സ്റ്റോർ<br><br>2. അമ്പൂരി ഗ്രാമ പഞ്ചായത്ത് - അമ്പൂരി മാവേലി സ്റ്റോർ<br><br>3. പാറശ്ശാല ഗ്രാമ പഞ്ചായത്ത് - പാറശ്ശാല മാവേലി സ്റ്റോർ<br><br>4. വെള്ളറട ഗ്രാമ പഞ്ചായത്ത് - വെള്ളറട മാവേലി സ്റ്റോർ<br><br>5. കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് - കള്ളിക്കാട് മാവേലി സ്റ്റോർ<br><br>6. ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത്- പൂഴനാട് മാവേലി സ്റ്റോർ<br><br>7. കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് - കൊല്ലയിൽ മാവേലി സ്റ്റോർ |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട് ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി സപ്ലൈകോ ഔട്ട് ലെറ്റ് ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ; | (സി) | പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ, കാരക്കോണം, പാറശ്ശാല, വെള്ളറ എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റാക്കാൻ അനുയോജ്യമാണ്.<br><br>നിലവിൽ പാറശ്ശാല മണ്ഡലത്തിൽ 3 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 1. ആര്യൻകോട് ഗ്രാമ പഞ്ചായത്ത് – ഒറ്റശേഖരമംഗലം സൂപ്പർ മാക്കറ്റ്<br><br>2. പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് – മാരായമുട്ടം സൂപ്പർ മാർക്കറ്റ്<br><br>3. അമ്പൂരി ഗ്രാമ പഞ്ചായത്ത് – കുടപ്പനമൂട് സൂപ്പർ മാർക്കറ്റ് |
| (ഡി) | മണ്ഡലത്തിൽ കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ; | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഇ) | സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | നിലവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35 ശതമാനം വരെ വിലക്കുറവിൽ) ലഭ്യമാക്കുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം | ഇനം | നിലവിലെ സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ (1 കി. ഗ്രാം) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല (1 കി. ഗ്രാം) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 79 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 115 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം) | 65 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 75 | 1/2 ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 33 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29 | |

നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്

സെക്ഷൻ ഓഫീസർ

Scanned with CamScanner